പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 171 17-12-2012 -ൽ മറുപടിക്ക്.

## മദ്യ വിൽപ്പന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>" വി. ചെന്താമരാക്ഷൻ<br>" കെ.. കെ. നാരായണൻ<br>" കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മദ്യം പൂർണ്ണമായും നിരോധിക്കാൻ ഉദ്ദേശ്യമുണ്ടോ; | (എ) ഇല്ല. ബോധവത്ക്കരണത്തിലൂന്നി, ഘട്ടം ഘട്ടമായുള്ള മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും, അതിൽ നിന്നുടലെടുക്കുന്ന സാമൂഹ്യ പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെ കണ്ടുകൊണ്ട് രൂപീകരിച്ചതാണ്, 2012-13 - ലെ പുതിയ മദ്യനയം. |
| (ബി) ഇല്ലെങ്കിൽ ഏതെല്ലാം തരം മദ്യം വില്പന നടത്താനാണ് ഉദ്ദേശിക്കുന്നത്; | (ബി) ഇന്ത്യൻ നിർമ്മിത വിദേശമദ്യം, വിദേശ നിർമ്മിത വിദേശമദ്യം, ബിയർ, വൈൻ, കള്ള് എന്നീ തരത്തിലുള്ള മദ്യങ്ങളാണ് വില്പന നടത്തുന്നത്. |
| (സി) മദ്യവില്പനയ്ക്ക് ഏതെല്ലാം സ്ഥാപനങ്ങളെയാണ് നിയോഗിച്ചിട്ടുള്ളത്; | (സി) 1984 - മുതൽ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനെ മാത്രമാണ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യം വാങ്ങുവാനും, അവയുടെ മൊത്തവിതരണത്തിനുമുള്ള ലൈസൻസ് നല്കിയിട്ടുള്ളത്. മൊത്ത വിതരണത്തിനായി, 22 FL9 വെയർഹൗസുകളും, ചില്ലറ വില്പനയ്ക്കായി 338 FL1 ചില്ലറ വില്പനശാലകളും K.S.B.C.-യ്ക്കുണ്ട്. 46 FL1 ചില്ലറ വില്പനശാലകൾ നടത്തുന്നതിന് കൺസ്യൂമർഫെഡിനെ നിയോഗിച്ചിട്ടുണ്ട്. കള്ളുഷാപ്പുകൾ, വ്യക്തികൾക്കും, ബാറുകൾ, ബിയർ / വൈൻ പാർലറുകൾ എന്നിവ KTDC- യ്ക്കും, വ്യക്തികൾക്കും അനുവദിച്ച് നല്കിയിട്ടുണ്ട്. |
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇന്നേവരെ സംസ്ഥാനത്ത് സർക്കാർ നിയോഗിച്ച ഏജൻസികൾ വഴി എത്ര കോടി രൂപയുടെ മദ്യം വില്പന നടത്തുകയുണ്ടായി; ഇതുവഴി ലഭിച്ച വരുമാനം എത്ര കോടിരൂപയാണ്; | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, 2011 മെയ് മാസം മുതൽ 2012 നവംബർ മാസം വരെ, K.S.B.C. മുഖാന്തിരം, 13001.09 കോടി രൂപയുടെ മദ്യം വില്പന നടത്തുകയും, 10394.76 കോടി രൂപ തീരുവ ഇനത്തിലും, നികുതി ഇനത്തിലുമായി ഖജനാവിലേക്ക് അടയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന മദ്യത്തിന്റെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മദ്യങ്ങൾക്ക് എത്ര ശതമാനം വീതം വില വർദ്ധിപ്പിക്കുകയുണ്ടായി; ഇതുവഴി നടപ്പു വർഷത്തിൽ വാങ്ങുന്ന മദ്യത്തിന് എന്തു തുക ബിവറേജസ് കോർപ്പറേഷൻ മദ്യകമ്പനികൾക്ക് അധികമായി നൽകേണ്ടതായിവരും? | (ഇ) ഉണ്ട്. K.S.B.C. 01-08-2012 മുതൽ പ്രാബല്യത്തിൽ വരുത്തിയ വിലവർദ്ധനവിന്റെ മാനദണ്ഡം ചുവടെ ചേർക്കുന്നു.<br>2011-12-ൽ കോർപ്പറേഷനുമായി നിലവിലുണ്ടായിരുന്ന മദ്യകമ്പനികളുമായുള്ള റേറ്റ് കോൺട്രാക്റ്റിലെ നിരക്കിൻമേൽ 6% വർദ്ധനവോ 2012-13 വർഷത്തേക്ക് മദ്യം സപ്ലൈ ചെയ്യുന്നതിനായി ക്വാട്ട് ചെയ്തിട്ടുള്ള വിലയോ ഇതിൽ ഏതാണോ കുറവ് അതനുസരിച്ചുള്ള വർദ്ധനവാണ് വാങ്ങൽ വിലയിൽ നല്കിയിട്ടുള്ളത്. 2012 ആഗസ്റ്റ് മുതൽ 2013 മാർച്ച് വരെ ഉദ്ദേശം 44 കോടി രൂപ പുതുക്കിയ റേറ്റ് കോൺട്രാക്റ്റ് അനുസരിച്ച് അധികമായി K.S.B.C. നല്കേണ്ടി വരുമെന്ന് കണക്കാക്കുന്നു. |

സെക്ഷൻ ആഫീസർ